margam
Digital Library of Christianity in India
www.marggam.com

RESOURCES FOR
RESEARCHERS

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

# Baviyaya sangathikale arivan Upayogikkunna Pal Pusthakam

# ഭാവിയായ സംഗതികളെ അറിവാൻ ഉപയോഗിക്കുന്ന പാൽ പുസ്തകം


ഭാവിയായ സംഗതികളെ അറിവാൻ ഉപയൊഗിക്കുന്ന പാൽപുസ്തകം

പണ്ട് കാലങ്ങളിൽ നസ്രാണി സഭകളിൽ ഉപയോഗിച്ചിരുന്ന തൊടുകുറി പുസ്തകം

Text Source / Type setting / Digitalisation
Wilson Muriyadan

www.TheCMSIndia.org

| AUDIO BOOK |
| --- |
| VIDEO BOOK |
| PDF DOWNLOAD |

| Call Number | RR-885 |
| --- | --- |
| Title | Baviyaya sangathikale arivan upayogikkunna Pal Pusthakam |
| Topic | പണ്ട് കാലങ്ങളിൽ നസ്രാണി സഭകളിൽ ഉപയോഗിച്ചിരുന്ന തൊടുകുറി പുസ്തകം |
| Author | Unknown |
| Publisher/Year | |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Wilson Muriyadan |
| Key Words | Paal Pusthakam, Thodukuri Pusthakam, Marthoma Nazranies |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ൗ

# ഭാവിയായ സംഗതികളെ അറിവാൻ ഉപയൊഗിക്കുന്ന പാൽപുസ്തകം

പണ്ട് കാലങ്ങളിൽ നസ്രാണി സഭകളിൽ ഉപയോഗിച്ചിരുന്ന
തൊടുകുറി പുസ്തകം

Text Source / Type setting / Digitalisation
Wilson Muriyadan


www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ന്മ

# ഭാവിയായ സംഗതികളെ അറിവാൻ ഉപയൊഗിക്കുന്ന പാൽപുസ്തകം



മനസ്സിൽ വിചാരിക്കുന്നതൊ പ്രവർത്തിപ്പാൻ പൊകുന്നതൊ സംഭവിപ്പാനിരിക്കുന്നതൊ ആയ സംഗതികളുടെ ഗുണദൊഷങ്ങളെ അറിവാൻ ആഗ്രഹിക്കുന്നവൻ മെൽ കാണിച്ചിരിക്കുന്ന ഖണ്ഡങ്ങളിലൊന്നിൽ വെറൊരുവനെക്കൊണ്ടു തൊടിയിക്കുകയും, ആ ഖണ്ഡത്തിലെ അക്കം നിശ്ചയപ്പെടുത്തുകയും ചെയ്തീട്ടു ആ അക്കത്തിൽ പുറകെ കാണിച്ചിട്ടുള്ള വാചകം വായിക്കട്ടെ അപ്പൊൾ സംഗതികളുടെ ഗുണദൊഷങ്ങളെ മനസ്സിലാക്കാം. കളിയായിട്ടൊ ഈ പുസ്തക

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ത്തിന്റെ ശക്തിയെ പരീക്ഷിക്കുന്നതിനായിട്ടൊ പ്രവർത്തിക്കരുത്.

ആവശ്യക്കാരൻ ആദ്യമെ കുരിശ് വരച്ചു " ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ" എന്നുള്ളതും "നന്മ നിറഞ്ഞ മറിയമെ" എന്നുള്ളതും, വിശ്വാസപ്രമാണവും ചൊല്ലി നമസ്ക്കരിച്ചു, സർവശക്തിയും സർവജ്ഞാനവുമുള്ള ദൈവത്തിൽ ആശ്രയിച്ചു പ്രാർത്ഥിച്ചുകൊണ്ടു പ്രവർത്തിക്കേണ്ടതാകുന്നു.

൮ , ദാവീദിനെ ശാവൂലിൽ നിന്നു രക്ഷിച്ചതുപോലെ ദൈവമായ കർത്താവ് നിന്നോടു കൂടെ ഇരുന്നു സകലദോഷങ്ങളിൽ നിന്നും നിന്നെ രക്ഷിക്കും.

൯ , ഇപ്പോൾ ഈ കാര്യം നിമിഷം പ്രവർത്തിക്കരുത്. ജീവൻ ലഭിക്കുന്നതു ദൈവത്തിൽ നിന്നാകുന്നു.

൰ , മനുഷ്യാ നിന്റെ വിചാരം വെള്ളത്തിന് ദാഹിച്ചിരിക്കുന്നതും, ദൈവം ജലാശയത്തെ തുറന്നു കുടിപ്പിച്ചതുമായ ഭൂമിയോടു സദൃശമാകുന്നു. അപ്രകാരം തന്നെ നീ ഈ കാര്യത്തിൽ സന്തോഷിക്കും.

൰൧ , ചെയ്‌വാൻ നീ ആഗ്രഹിക്കുന്നതിനെ ചെയ്യരുത്. പിന്നെയൊ സാത്താന്റെ കണികളിൽ അകപ്പെടാതെ സൂക്ഷിച്ചു ദൈവത്തോടു പ്രാർത്ഥിക്കുക.

൰൨ , വിരുന്നു കഴിക്കുന്നവനും, നായാട്ടിനു പുറപ്പെടുന്നവർക്കും, വഴിയാത്ര ചെയ്യുന്നവർക്കും അതു യൊഗ്യതയുള്ളതാകുന്നു. ഓടി ഒളിച്ചു പോയവനെ കണ്ടു കിട്ടും. രോഗപ്പെട്ടവൻ സൗഖ്യപ്പെടും.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

ര , വല്ലതും ചെയ്യാതെ സൂക്ഷിച്ചുകൊൾക. നീ പുറത്ത് പോകരുത്. വീട്ടിൽ തന്നെ ഇരിക്കണം. തെരുവിലേക്ക് പുറപ്പെടരുത്. ആണ ഇടുകയും അരുത്. ആണയിടുന്നവൻ പരീക്ഷയിലുൾപ്പെടും.

൲ , നിരപ്പിന്റെയും സമാധാനത്തിന്റെയും ദൂതൻ തന്റെ കൂടെ ഇരുന്ന് നീ ചോദിക്കുന്ന കാര്യത്തിൽ നിന്റെ വഴി ഒരുക്കും. അതിന് വേണ്ടി ഉറ്റുശ്രമിക്ക. ഭയപ്പെടെണ്ട. നീ വളരെ സന്തോഷിപ്പാനിടയാകും.

ഡ , നീ ചോദിയ്ക്കുന്ന കാര്യം ഹർമ്മാന സർപ്പത്തോടും, ചെവി അടച്ച എസ്പെസിനൊടും ശരിയാകുന്നു. നീ അതിനൊടു അടുത്താൽ നിനക്ക് ഒരു ആശ്വാസവും ഉണ്ടാകയില്ല.

ꝺ , മുതലുള്ളവൻ സന്തോഷിക്കുന്നതുപോലെ ഈ കാര്യവും ഉടനടി നടക്കുമെന്ന് ഞാൻ നിന്നോട് പറയുന്നു. നിന്റെ വീട് വിട്ട് പുറത്ത് പോകരുത്. ദൂരദേശയാത്ര ചെയ്യുകയും അരുത്.

, , നാനാപ്രകാരം കൊണ്ടും ഒരു സ്ഥലത്തേക്ക് നീ പുറപ്പെടരുത്. ദൈവം ഒരുവന്റെയും നാശത്തിൽ തിരുവിഷ്ടമില്ലാത്തവനാകുന്നു. നീ ദരിദ്രന്മാർക്ക് ധർമ്മം കൊടുക്ക. രക്ഷപ്പെടും.

൨ , ദൂരദേശത്ത് നിന്ന് നിനക്ക് വർത്തമാനം വരും. നീ വിചാരിക്കാത്തവിടെ നിന്നു നിനക്ക് ഗുണമുണ്ടാകും. സന്തോഷത്തിന്റെ കേൾവി നിനക്കു കിട്ടും. നീ ആഗ്രഹിക്കുന്നത് ദൈവത്തിൽ നിന്നു നിനക്കു ലഭിക്കും.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org
www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ܟ , വളരെ പ്രാബല്ല്യമുള്ള കിരീടത്തിന് നീ സദൃശമാകുന്നു, എന്തെന്നാൽ ദൈവത്തിന്റെ നന്മകളിൽ നിന്ന് നീ മുടങ്ങപ്പെടുകയില്ല. ഈ കാര്യത്തിൽ നീ ഭയപ്പെടേണ്ട. അത് എളുപ്പം സാധിക്കും.

ܠ , ആട്, ചെന്നായയോട് എതിർപ്പാൻ ആഗ്രഹിച്ച് വെറുതെ ശ്രമിക്കുന്നു. ആടിന് സഹായമില്ലാത്തതുകൊണ്ട് അത് വീണ് പോകും. നീ ഈ കാര്യത്തിൽ നിന്ന് തന്നെ തന്നെ സൂക്ഷിച്ചുകൊൾക.

ܡ , നിന്റെ നല്ല ആഗ്രഹം കുറെ കഴിഞ്ഞിട്ട് സാദ്ധ്യത്തെ പ്രാപിക്കും. അതിന്റെ സാദ്ധ്യം ദീർഘത്തിലാകുന്നു. നീ പോകുന്നിടത്തെല്ലാം ദൈവം നിന്റെ കൂടെയുണ്ട്. നീ ആഗ്രഹിക്കുന്നതെല്ലാം ശുഭമായി വരും. നിന്റെ ശരണം ദൈവത്തിന്മേലിരിക്കണം.

ܢ , ദൈവം ക്രോധത്തിൽ നിന്ന് നിന്നെ രക്ഷിക്കുകയും ശരിയായ വഴി നിന്നെ കാണിക്കുകയും ചെയ്യും. അവൻ അപകടത്തിൽ നിന്ന് നിന്നെ ഒഴിക്കുകയും നിന്റെ ജീവനുള്ള നാളെല്ലാം നിന്നെ സന്തോഷിപ്പിക്കുകയും ചെയ്യും.

ܣ , ദീർഘക്ഷമ വേഗം പ്രസാദിപ്പിക്കും. വഴിയാത്രകാർക്കും സമുദ്രയാത്രക്കാർക്കും ഒരു അപകടവും ഭവിക്കുകയില്ല. കാണാതെ പോയവനെ കണ്ടുകിട്ടും. രോഗപ്പെട്ടവൻ സൗഖ്യപ്പെടും.

ܥ , കച്ചവടത്തിൽ നിന്നും ആണകളിൽ നിന്നും തന്നെ തന്നെ സൂക്ഷിച്ചുകൊൾക. നിന്റെ തലയും താടിയും കത്രിക്കരുത്. ജനിക്കപ്പെടുന്നവൻ ജീവിക്കുകയില്ല.



www.marggam.com
MARGGAM – Digital Library of Christianity in India

, എല്ലാ കച്ചവടത്തിനും വിൽക്കുന്നവനും വാങ്ങുന്ന വനും വേണം. ജനിക്കപ്പെടുന്നവൻ ജീവിക്കും. ഓടി ഒളിച്ചു പോയവനെ ജീവനോടെ കണ്ടെത്തും.

, ഇന്ന് നീ പൂർണ്ണസ്ഥാനത്തെ പ്രാപിക്ക. നിന്റെ പുത്രനെ വിദ്യാലയത്തിലേക്ക് അയക്കുക. കല്ല്യാണം കഴി ക്കുന്നവർക്ക് അത് യോഗ്യതയുള്ളതാകുന്നു. ഓടി ഒളിച്ചു പോയവനെ ജീവനോടെ കണ്ടു കിട്ടും.

, മനുഷ്യാ നിന്റെ വിചാരം മങ്ങി മങ്ങി കത്തി കെട്ടുപോകുവാൻ ഭാവിക്കുന്ന വിളക്ക് പോലെയിരിക്കുന്നു. അതിൽ എണ്ണ ഒഴിച്ചാൽ തെളിഞ്ഞു കത്തും. അപ്രകാരം തന്നെ ഈ കാര്യത്തിലും നീ ശക്തിപ്പെട്ട് കൊൾക, പേടിക്ക ണ്ട. നീ വിചാരിക്കാത്തിടത്തുനിന്ന് നിനക്ക് ഗുണമുണ്ടാകും.

, നിരപ്പിന്റെയും സമാധാനത്തിന്റെയും ദൂതൻ നിന്നെ എതിരേൽക്കും. നിന്റെ സകല ശത്രുക്കളെയും വൈരിക ളെയും നീ ജയിക്കും. ഈ കാര്യത്തെക്കുറിച്ച് പേടിക്കണ്ട. അതിനാൽ നിനക്ക് പ്രയോജനം ഉണ്ടാകും.

, നിന്റെ അയൽക്കാരും നിന്റെ സംബന്ധികളും കൂടി അഗാധമായ കുഴി നിനക്കായിട്ട് കുഴിക്കുകയും അവർ നിന്റെ കൂടെ ഭക്ഷണപാനീയം കഴിക്കുകയും അവരുടെ നാവുകൾ കൊണ്ട് നിന്നെ ദുഷിക്കുകയും ചെയ്യുന്നു. അവരെ വിട്ട് മാറികൊൾക.

, ബന്ധനകാർക്ക് അഴിവും, നിരോധിക്കപ്പെട്ടവർ ക്ക് ജയവും ഉണ്ടാകും. കാരാഗ്രഹം നിന്റെ മുമ്പിൽ തുറക്കപ്പെ ടും. നീ വഴിയാത്ര ചെയ്യുന്നുവെങ്കിൽ സമാധാനത്തോടെ പോയ്കൊൾക. ദൈവം ഉപദ്രവങ്ങളിൽ നിന്നെ കാത്തുകൊ



www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ള്ളും. നിനക്ക് വല്ലവനോടും വ്യവഹാരമുണ്ടെങ്കിൽ നീ ജയിക്കും.

൫൰ , നിന്റെ മുന്തിരിതോപ്പിൽ നിന്ന് കുലപറിപ്പാൻ ബദ്ധപ്പെടേണ്ട. അത് മൂക്കുന്നതുവരെ അടങ്ങുക. പിന്നീട് സന്തോഷത്തോടെ പറിക്കാം. ദൂരദേശത്ത് നിന്ന് ലേഖനങ്ങൾ വരികയും ചെയ്യും.

൬൰ , നീ പ്രവേശിക്കുമ്പോൾ നിന്റെ മുമ്പാകെ വാതിലുകൾ തുറക്കപ്പെട്ടിരിക്കും. ഈ കാര്യത്തിൽ നിനക്ക് ആഗ്രഹമുണ്ടെങ്കിൽ പേടിക്കണ്ട. ഉറ്റു ശ്രമിക്ക. നീ സന്തോഷം നിറയപ്പെടും.

൭൰ , നീ വേഗം നടക്കുന്നു, നിന്റെ കാലുകൾകൊണ്ട് അതിവേഗം ഓടുന്നു. ഈ കാര്യത്തിന്റെ വാതുക്കൽ ഒരു സിംഹം കിടക്കുന്നു. എന്നാൽ നീ ബുദ്ധിയോടെ നടന്നാൽ ദോഷം വരികയില്ല. നഷ്ടവും സംഭവിക്കയില്ല.

൮൰ , ഇനി നിന്റെ ഹൃദയത്തിൽ നിന്ന് ദുഖത്തെ നീക്കി കളക. ഈ കാര്യത്തെ സംബന്ധിച്ച് വ്യസനിക്കണ്ട. അതിന് മേൽഗതിയുണ്ടാകും. ദൈവം നിന്റെ കൂടെയുണ്ട്.

൯൰ , മനുഷ്യാ ദൈവത്തിൽ നിനക്ക് ശരണമുണ്ടായിരിക്കണം. ഈ കാര്യം പ്രവർത്തിക്കാതെ സൂക്ഷിച്ചുകൊൾക. എന്തെന്നാൽ നിന്റെ വഴിയിൽ സിംഹമുണ്ട്.

൱ , ഈ സംഗതി കലക്കവെള്ളത്തിൽ കിടക്കുന്നതും ഹൃദയത്തിൽ ദുഃഖവും വ്യസനവും നിറഞ്ഞിരിക്കുന്നതും, ദൈവത്തോട് നിലവിളിക്കുന്നതും ആയ മത്സ്യത്തോട് സദൃശമാകുന്നു. ദൈവം അതിന്റെ നിലവിളി കേട്ട് കലക്കവെള്ള

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ത്തിൽ നിന്ന് നല്ല വെള്ളത്തിലേക്ക് അതിനെ ആക്കി. അതുപോലെ തന്നെ നിന്നെയും ദുഃഖത്തിൽ നിന്ന് ആശ്വാസത്തിലേക്ക് ആക്കും.

, മനുഷ്യാ നിന്റെ കാര്യം പാറമേൽ ഭവനം പണിത ജ്ഞാനിയായ മനുഷ്യനോട് സദൃശമാകുന്നു. മഴ പെയ്തു വെള്ളം പൊങ്ങി കാറ്റൂതി ആ ഭവനത്തിന്മേൽ അടിച്ചു. അതിന്റെ അടിസ്ഥാനം പാറമേൽ വച്ചിരുന്നതുകൊണ്ട് അതു വീണില്ല. അപ്രകാരം തന്നെ നീയും ഈ കാര്യത്തെ കുറിച്ച് പേടിക്കണ്ട. എന്തെന്നാൽ ദൈവം നിന്റെ കൂടെയുണ്ട്.

, നിന്റെ കാര്യം മണലിന്മേൽ ഭവനം പണിത ഭോഷനായ മനുഷ്യനോട് സദൃശമാകുന്നു. മഴ പെയ്തു വെള്ളം പൊങ്ങി കാറ്റൂതി ആ ഭവനത്തിന്മേൽ അടിച്ചു. അത് വീണു. അതിന്റെ വീഴ്ച്ച വലിയതായിരുന്നു. നീ ദൈവത്തിന്മേൽ ശരണപ്പെടുക. നിന്റെ ശത്രുക്കളിൽ നിന്ന് അവൻ നിന്നെ രക്ഷിക്കും.

, കർത്താവിന്റെ ദൂതൻ ഈ ലോകത്തിൽ നിന്റെ കൂടെയിരുന്ന് സകലത്തിലും നിന്റെ മുമ്പാകെ വഴി ഒരുക്കും. എന്തെന്നാൽ കർത്താവിന്റെ സന്നിധിയിൽ നിന്ന് നിന്റെ വഴികൾ ഒരുക്കപ്പെട്ടിരിക്കുന്നു. ഈ കാര്യത്തിൽ തിന്മപ്പെട്ടവന്റെ ഉപായതന്ത്രങ്ങൾ കൊണ്ട് പേടിക്കണ്ട. എന്തെന്നാൽ കാര്യം സാധിച്ചുതന്നെ ഇരിക്കുന്നു.

, ഇതിൽ നിന്ന് സ്വാതന്ത്ര്യം ലഭിപ്പാൻ നീ ആഗ്രഹിക്കുന്നു അത് നിനക്ക് കഴിയാത്തതാകുന്നു. ഈ സംഗതിയാൽ നീ ഞരുങ്ങിയിരിക്കുന്നു എന്ന് കണ്ടു കൊൾക. സൂക്ഷിക്ക. അത് പ്രവർത്തിക്കണ്ട.



www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

[illegible] , ഈ കാര്യത്തിൽ ദുഃഖിക്കത്തക്കതും വ്യസനിക്കത്തക്കതുമായ ഒന്നുമില്ല. എന്തെന്നാൽ കുഴച്ചിൽ നീങ്ങിപ്പോയിരിക്കുന്നു. നിന്റെ അടുത്തവർക്കുപകരം ദൈവം നിന്റെ അടുത്തവനായിരിക്കും. അവൻ കരുണയുടെ ഭണ്ഡാരം നിനക്ക് തുറന്ന് തരികയും നിന്റെ ഹൃദയത്തിൽ നിന്ന് വ്യസനത്തെ നീക്കുകയും ചെയ്യും.

[illegible] , കുറെ ക്ഷമിക്ക. ബദ്ധപ്പെടേണ്ട. നീ വിചാരിക്കുന്നിടത്തുനിന്ന് അത് കാണ്മാനിടയാകും. സ്വല്പകാലം ദീർഘക്ഷമയോടെയിരുന്നാൽ നിനക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ നിന്നെ സഹായിപ്പാൻ ദൈവത്തിന് തിരുവിഷ്ടം ഉണ്ട്.

[illegible] , കഠിനശ്രമം ചെയ്താൽ നിനക്ക് ഉപദ്രവം ഉണ്ടാകും. കാലോചിതമായി ഇതിനെ പ്രവർത്തിക്കരുത്. നിന്റെ മുമ്പിൽ വാതിൽ തുറക്കപ്പെടും. നീ പ്രശംസിക്കരുത്. സ്വല്പം താമസിക്ക. ബദ്ധപ്പെടേണ്ട.

[illegible] , ലോകം നിനക്ക് വേർതിരിച്ച് തന്നതെല്ലാം സകല മനുഷ്യരോടും താല്പര്യം കാണിക്കുകയും അവർക്ക് അറിവും ബുദ്ധിയും കൊടുക്കുകയും ചെയ്തു. മനുഷ്യാ നീ ആഗ്രഹിക്കുന്നത് ദൈവത്തിൽ നിന്ന് നിനക്ക് ലഭിക്കും. അവൻ നിനക്ക് സഹായി ആയിരിക്കുകയും ചെയ്യും.

[illegible] , നിന്റെ കാര്യം രാജമോതിരം കൊണ്ട് മുദ്രയിട്ടിരിക്കുന്ന സമാധാനലേഖനത്തോട് ശരിയാകുന്നു എന്തെന്നാൽ അതിൽ നിരപ്പും സമാധാനവും ഉണ്ട്. അതിങ്കലേക്ക് തിരിയുന്നവന് വലിയ സന്തോഷം ഉണ്ടാകും.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

, കൂട്ടുകൂടി പ്രവർത്തിക്കുന്നതിൽ സന്തോഷിക്കുന്ന മനുഷ്യന് നീ സദൃശമാകുന്നു. കാണാതെ പോയതുകണ്ടു കിട്ടും. രോഗപ്പെടുന്നവൻ സൗഖ്യപ്പടും. ജനിക്കപ്പെടുന്നവൻ വലിയവനായിതീരുകയും ചെയ്യും.

, നീതിമാന്മാരുടെ ശരണവും സഹായമില്ലാത്ത എല്ലാവ ന്റെയും ശരണവും കർത്താവാകുന്നു. ശോഭയുള്ള കിരീ ടവും സൽഗുണവും നിനക്ക് സിദ്ധിക്കും. ഇനി നീ ദൈവ ത്തിൽ ശക്തിപ്പെട്ട് ബലപ്പടുക. വല്ലവനെയും നിരാശപ്പടുത്ത രുത് എന്തെന്നാൽ ദൈവം സഹായി ആകുന്നു അവൻ നിന്റെ കുറവ് നികത്തും.

, മനുഷ്യാ ശത്രുക്കൾ നേരിടുന്നതായ ഈ വഴിയിൽ കൂടി നീ പോകരുത്. നിന്റെ കാര്യം ദൈവത്തിന്റേതാണെന്ന് വിശ്വസിച്ച് ഭയം കൂടാതെ ആഗ്രഹിക്കുന്നതെല്ലാം പ്രവർത്തിക്ക. എന്തെന്നാൽ കർത്താവ് നീ മൂലം ശുഭമുണ്ടാക്കും.

, നിന്റെ മനസ്സ് ഭിന്നിച്ചിരിക്കുന്നതുകൊണ്ട് നീ ആഗ്ര ഹിക്കുന്ന കാര്യത്തിന് ഇപ്പോൾ നിവൃത്തിയില്ല. നിനക്ക് നഷ്ടം വന്നുകൂടാതിരിപ്പാനായിട്ട് നീ അതിനെ പ്രവർത്തിക്കരുത്.

, കണ്ടാലും, വഴിയാത്ര ചെയ്‌വാൻ തക്കദിവസം, ദൈവം നിന്റെ മുമ്പിൽ അതിനെ ശുഭമാക്കും, ആശ്വാസവും സന്തോഷവും നിന്നെ എതിരേല്ക്കും. സമാധാനത്തോടെ നീ തിരികെ വരികയും നിന്റെ സഹോദരന്മാരെ എല്ലാവ രെയും നീ സന്തോഷിപ്പിക്കുകയും നിന്റെ കർത്താവിനെ നീ സ്തുതിക്കുകയും ചെയ്യും.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

൨൰ , അവർ നിന്നെക്കാൾ ബലവാന്മാരും കഠിനന്മാരും ആകുന്നു. ഒരുവനോട് നീ എതിർത്താൽ ആയവൻ നിന്നെ ജയിക്കും. അതുകൊണ്ട് അടങ്ങിയിരിക്ക. ഒരുവനോടും ഒന്നും പറയരുത്. എന്തെന്നാൽ സംസാരിക്കുന്നതിനേക്കാൾ അടങ്ങിയിരിക്കുന്നത് കൊള്ളാം.

൩൰ , കാത്തിരിക്കുന്ന ആത്മാക്കൾക്ക് തത്സമയത്ത് വലിയ ആശ്വാസം ലഭിക്കും. നീ ആഗ്രഹിക്കുന്ന കാര്യത്തിന് മേൽഗതിയുണ്ടാകും. ദൈവത്തിൽ നിന്ന് സന്തോഷവും പ്രയോജനവും നിനക്ക് ലഭിക്കും.

൪൰ , ബന്ധിക്കപ്പെട്ടവരുടെ വഴി ദൈവതിരുസന്നിധിയിൽ തുറക്കപ്പെടും. നിന്റെ അയൽക്കാരും നിന്റെ രക്തസംബന്ധികളായ അടുത്തവരും നിന്നോട് ഏറ്റം വിരോധമായിരിക്കുന്നു. ദൈവം നിന്റെ മുമ്പിൽനിന്ന് അവരെ ആട്ടികളയും. എപ്പോഴും അവൻ നിനക്ക് സഹായി ആയിരിക്കുകയും ചെയ്യും.

൫൰ , മനുഷ്യന്റെ മേൽ ശരണപ്പെടുന്നതിനേക്കാൾ കർത്താവിന്റെ മേൽ ശരണപ്പടുന്നത് നന്ന്. ദൈവത്തെ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. ദുഷ്കേൾവിയിൽ നിന്ന് നീ ഭയപ്പെടേണ്ട. ദൈവം നിന്റെ കൂടെയുണ്ട്.

൬൰ , ദൈവം മനുഷ്യമക്കളോട് തന്റെ കൃപയെ വെളിപ്പെടുത്തി. അവന്റെ തിരുവചനങ്ങൾ സ്ഥിരമുള്ളവയും വ്യാജമില്ലാത്തവയും ആകുന്നു. നീയും വ്യാജത്തിൽ നിന്ന് നിന്നെത്തന്നെ സൂക്ഷിച്ചുകൊൾക. മിണ്ടാതിരിക്കരുത്. നീ ആഗ്രഹിച്ച കാര്യം ഇപ്പോൾ പ്രവർത്തിക്കുന്നത് വിഹിതമല്ല.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

, ദൈവം മനുഷ്യർക്ക് നല്ല ശരണം കൊടുക്കുന്നു. നീ ദുഃഖിക്കേണ്ട. ഒരു കിരീടം ഒരുക്കപ്പെട്ടിരിക്കുന്നു അത് നിനക്ക് കിട്ടും. നിനക്കെതിരായി നിൽക്കുന്ന പലരെയും നീ ജയിക്കും. അവർ നിന്നെ അകപ്പെടുത്തുവാൻ വല വെക്കുന്നു. എന്നാൽ കർത്താവ് നിന്റെ സഹായക്കാരനാകായാൽ അവർക്ക് അത് സാധിപ്പാൻ കഴിയുകയില്ല.

സമാപ്തം.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org